## (19.) ഏറത്തുമ്പമൺ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

അതിപുരാതനകാലം മുതൽ പ്രശസ്തി ആർജ്ജിച്ച തുമ്പമൺ, അതിവിശാലമായ മദ്ധ്യകേരളിലെ ഒരു പ്രദേശമാണ്. വലിയ തുമ്പമൺ, തുമ്പമൺ താഴം, തുമ്പമൺ വടക്കേക്കര, തുമ്പമൺ ഏറം എന്നിങ്ങനെ പല പേരുകളിൽ വിവിധ പ്രദേശങ്ങൾ അറിയപ്പെടുന്നു. അച്ചൻകോവിലാറിന്റെ ഇരുവശുമുള്ള ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് ആദിമകാലം മുതൽ ജനങ്ങൾ താമസിച്ചിരുന്നു. അന്തോക്യാ പാത്രയർക്കീസ് ബാവാ കബറടങ്ങിയ മഞ്ഞിനിക്കരയും വയൽവാണിഭംകൊണ്ട് പ്രശസ്തി ആർജ്ജിച്ച ഓമല്ലൂരും, കായിക പ്രേമികളുടെ കേന്ദ്രമായ മുറിപ്പാറമണ്ണും ഏറുമ്പമണ്ണിന്റെ സമീപപ്രദേശങ്ങളാണ്. ശബരിമലയും പന്തളം കൊട്ടാരവും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് ഇതുവഴി കടന്നുപോകുന്നു. ഈ ദേവാലയത്തിന്റെ മുൻവശത്തുള്ള താണപ്രദേശങ്ങളിൽകൂടി ആണ്ടിൽ മിക്കസമയവും വെള്ളം ഒഴുകിയിരുന്നതിനാൽ ഈ പ്രദേശം നീരൊലിപ്പ് മണ്ണ് എന്ന് അറിയപ്പെട്ടിരുന്നു. നീരൊലിപ്പ് മണ്ണും അതിനോട് ചേർന്ന പ്രദേശങ്ങളും പഴയകാലത്ത് കരിമ്പിൻതോട്ടങ്ങളും നെൽപ്പാടങ്ങളും ആയിരുന്നു. സൂര്യാസ്തമയ സമയത്ത് കുനിഞ്ഞുനിൽക്കുന്ന നെൽക്കതിരിൽ അസ്തമയസൂര്യന്റെ പൊൻകിരണങ്ങൾ പതിച്ച് തിളങ്ങുന്നത് കണ്ണിന് കുളിർമ്മ ഏകിയിരുന്നു. ജാതിമത ഭേദമെന്യേ ജനങ്ങൾ പരസ്പരം സഹായിച്ചും സഹകരിച്ചും ഇവിടെ കഴിഞ്ഞിരുന്നു. അതിമനോഹരമായ ഈ പ്രദേശത്ത് പുതുതായി പണികഴിപ്പിച്ച സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാപള്ളിയുടെ പൂർവ്വചരിത്രിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് ഉചിതമായിരിക്കും.

മാർ ഈവാനിയോസ് പിതാവ് ഓർത്തഡോക്സ് സഭ വിട്ട് മാതൃസഭയായ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട 1930 കാലഘട്ടം അനേകർ പുനരൈക്യപ്പെടുന്നതിന് മുന്നോട്ട് വരികയും കത്തോലിക്കാസഭയുമായി ഐക്യപ്പെടുകയും ചെയ്ത സന്ദർഭം ഈ അവസരത്തിൽ തുമ്പമൺ ഏറം വീമ്പുപള്ളിയിൽ കൂടി നടന്ന അൻപതു വീട്ടുകാർ കത്തോലിക്കാസഭയിൽ പുനരൈക്യപ്പെടാൻ തീരുമാനിച്ചു. അതിന് ഒരു കാരണവും ഉണ്ടായി. അരിക്കത്തറയിൽ നിന്ന് കൊല്ലം പറമ്പിൽ താമസിച്ചിരുന്ന ഈശോയ്ക്ക് അന്ത്യകൂദാശ നൽകണമെന്ന് വടുതല വലിയച്ചനോട് പറഞ്ഞു. അന്ന് വീമ്പുപള്ളിയിലെ 2 വികാരിയച്ചന്മാർ വടുതല വലിയച്ചനും പുളിമാലിൽ അച്ചനും ആയിരുന്നു. വടുതല അച്ചൻ തനിക്ക് പറ്റില്ല എന്നും പുളിമാലിലച്ചനോട് പറയണമെന്നും വടുതല അച്ചൻ പറഞ്ഞു. വാഹനസൗകര്യം ഇല്ലാത്ത അന്നത്തെക്കാലത്ത് കിഴക്കുപുറത്ത് താമസിച്ചിരുന്ന പുളിമാലിലച്ചനെ വിവരം അറിയിക്കുന്നതും സമയത്ത് വന്ന് അന്ത്യകൂദാശ നൽകുന്നതും ബുദ്ധിമുട്ടായതിനാൽ വാശിയേറിയ അരിക്കത്തറക്കാർ അച്ചനെ കൊണ്ടല്ല തിരുമേനിയെക്കൊണ്ട് കൊടുപ്പിക്കും എന്ന് പറയുകയും മാർ ഈവാനിയോസ് തിരുമേനിയെ കാണാൻ തീരുമാനിക്കുകയും ചെയ്തു, അതിൻപ്രകാരം പരേതരായ അരിക്കത്തറ (കൊച്ചുകുഞ്ഞ്), വലിയകാലായിൽ സ്കറിയ, കണ്ണംപുത്തൂർ മത്തായി സാർ, നടുവിലേത്ത് ഇടിച്ചെറിയ എന്നിവർ കൈപ്പട്ടൂർ തേരകത്ത് മുതലാളിയുടെ കാറിൽ കൊല്ലത്തുപോയി മാർ ഈവാനിയോസ് തിരുമേനിയെ കാണുകയും പുനരൈക്യപ്പെടുകയും അൻപതു വീട്ടുകാർ മാതൃസഭയുമായി ഐക്യപ്പെടാൻ ആഗ്രഹിക്കുന്ന വിവരം അറിയിക്കുകയും ചെയ്തു. പിതാവ് അതിന് അനുകൂലമായ മറുപടി നൽകുകയും, ഏറത്തുമ്പമണ്ണിൽ അതിനുള്ള അവസരം ഒരുക്കാനും താൻ വന്നുകൊള്ളാം എന്നും അറിയിച്ച് അവരെ മടക്കി അയച്ചു.

മടങ്ങിവന്ന പിതാക്കന്മാർ അരിക്കത്തറയിൽ തന്നെ ഒരു പന്തൽകെട്ടി അവിടേക്ക് പിതാവിനെ സ്വീകരിക്കുവാനും അവിടെ പിതാവിന്റെ കുർബ്ബാനയ്ക്കുശേഷം പുനരൈക്യപ്പെടുവാനും തീരുമാനിച്ചു. അക്കാലത്ത് ഈ പ്രദേശത്ത് കരിമ്പിലൻ കൃഷി സുലഭമായിരുന്നു. കരിമ്പ് വെട്ടി ചക്കിലിട്ട് ആട്ടി നീരെടുത്ത് വറ്റിച്ച് ഉണ്ടശർക്കരയും ശർക്കരയും ഉണ്ടാക്കി വിൽക്കുന്നത് കർഷകരുടെ ഒരു പ്രധാന തൊഴിൽ ആയിരുന്നു. അരിക്കത്തറയിൽ ചക്കിട്ടിരുന്ന സ്ഥലത്ത് വിശാലമായ പന്തൽ കെട്ടി. 1944 സെപ്റ്റംർ മാസം മാർ ഈവാനിയോസ് പിതാവ് വരികയും അവിടെ താമസിച്ച് ഈ പന്തലിൽ വച്ച് വി.കുർബ്ബാന അർപ്പിക്കുകയും അൻപതു വീട്ടുകാരെ സഭയിലേക്ക് ചേർക്കുകയും ചെയ്തു. ആ പന്തലിൽ കൺവൻഷൻ നടത്തിയതിന് നേതൃത്വം നൽകിയത് മൈലപ്രാ ആലുനിൽക്കുന്നതിൽ ഏബ്രഹാം അച്ചനും, എഴിയത്ത് വലിയച്ചനും, പുത്തൻപുരയ്ക്കൽ

ഡാനിയേലച്ചനും ആയിരുന്നു. ആദ്യം ചേർന്നവർ അരിക്കത്തറ കുടുംബാംഗങ്ങളും കുന്നലേത്തുകാരും പെരുപായിക്കാട്ടുകാരും ആയിരുന്നു. ആദ്യകാലങ്ങളിൽ ആരാധനാ സൗകര്യം കുറവായിരുന്നതിനാലും, മറ്റ് ചില സാങ്കേതിക കാരണങ്ങളാലും ഏതാനും വീട്ടുകാർ തിരിച്ച് ഓർത്തഡോക്സ് സഭയിലേക്ക് പോയി.

അനന്തരം ആരാധന അർപ്പിക്കാൻ ഒരു ചാപ്പൽ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചു. ആയതിലേക്ക് കാവിനോട് ചേർന്ന ആറ്റൂർപുരയിടം വിലയ്ക്ക് വാങ്ങി. അക്കാലത്ത് തുടർച്ചയായ മഴയും ഉരുൾപൊട്ടലുംമൂലം ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ മുങ്ങുന്ന സ്ഥലമായിരുന്നു ഇത്. അച്ചൻകോവിലാറ് കവിഞ്ഞ് മാത്തൂർ വഴി കാരാഞ്ചേരിപ്പടി താഴോട്ട് ആറിനേക്കാൾ അതിഭീകരതയിൽ അലറി ഒഴുകി മുറിപ്പാറ ആറ്റിൽ പതിക്കുമായിരുന്നു. കൂടെക്കൂടെ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനാൽ വാങ്ങിയ സ്ഥലം ഒരു ചാപ്പൽ പണിയാൻ പറ്റിയതല്ല എന്ന് മനസ്സിലാക്കുകയും വേറെ സ്ഥലം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. അന്ന് കയ്യാലയ്ക്കൽ പുരയിടം കയ്യാലയ്ക്കൽ വീട്ടുകാരിൽ നിന്നും അരിക്കത്തറ മാത്തൻ വാങ്ങിയിരുന്നു. 1 ഏക്കർ 70 സെന്റ് വരുന്ന ഈ വസ്തു ചാപ്പൽ പണിയുന്നതിന് വിട്ടുകൊടുക്കുകയും പകരം ആറ്റൂർ പുരയിടം സ്വീകരിക്കുകയും ചെയ്തു. അന്നത്തെ കാലത്ത് ഒരു പള്ളി പണിയുന്നതിനും ശവക്കോട്ട ഉണ്ടാക്കുന്നതിനും എതിർപ്പുള്ള സമയം ആയിരുന്നു. കയ്യാലയ്ക്കൽ പുരയിടത്തിൽ പണിത പള്ളി ആയതിനാൽ ആദ്യകാലത്ത് ഈ പള്ളി കയ്യാലയ്ക്കൽ പള്ളി എന്നും അറിയപ്പെട്ടിരുന്നു.

കയ്യാലയ്ക്കൽ ഒരു ചാപ്പൽ പണിയുന്നതിന് തീരുമാനിച്ചു. പിതാക്കന്മാരുടെ പരിശ്രമത്താൽ കുന്നത്തേത്ത് പുരയിടത്തിൽ (പള്ളിയുടെ തെക്കേപ്പറമ്പ് അന്ന് കുന്നത്തേത്ത് സ്കറിയായുടേതായിരുന്നു) നിന്നും വെട്ടുകല്ല് വലിപ്പിൽ വെട്ടി ഒന്നര അടി ഘനത്തിൽ ഇടിച്ചുകൂട്ടിയ കുമ്മായചാന്ത് ഉപയോഗിച്ച് ചാപ്പലും അതിനോടനുബന്ധിച്ച് 5 മുറിയും ചുറ്റുവരാന്തയും ഇടത്താവളമുള്ള മേടയും പണിതു. പള്ളിയും മേടയും ചേർത്ത് പണിതതിനാൽ മദ്ഹായുടെ മുൻവശത്തെ മുറിയിൽനിന്നും ചാപ്പലിലേക്ക് കയറാമായിരുന്നു. ചാപ്പലിന്റെ കിഴക്കേവാതിലിൽ നിന്നും കെട്ടിടത്തിന്റെ പണി ചെയ്യിച്ചത് തുമ്പമൺ പരേതനായ പുത്തൻവീട്ടിൽ തോമാച്ചൻ ആയിരുന്നു. ഇദ്ദേഹം മുൻ ജയിൽ ഡി.ജി.പി അലക്സാണ്ടർ ജേക്കബിന്റെ വലിയപിതാവായിരുന്നു.

ആദ്യം ഏതാനും വർഷം മാമ്പിലാലിൽ ചാപ്പലിൽ ആയിരുന്നു വി.കുർബ്ബാനയ്ക്കും മറ്റ് വിശേഷ ദിവസങ്ങളിലും ഈ ഇടവകക്കാർ പൊയ്ക്കൊണ്ടിരുന്നത്. ഏഴുപതോളം വയസ്സ് പ്രായമുളള ഈ ഇടവകയിലെ പലരേയും മാമോദീസ മുക്കിയത് മാമ്പിലാലിൽ ചാപ്പലിലായിരുന്നു. അന്ന് ഓർത്തഡോക്സ് സഭയിൽ നിന്നും പുനരൈക്യപ്പെട്ട പരേതനായ ഡാനിയേൽ പുത്തൻപുരയിൽ അച്ചനായിരുന്നു അവിടുത്തെ വികാരി. നടന്ന് ആറുകടന്ന് ബുദ്ധിമുട്ടിയായിരുന്നു അന്ന് ഈ ഇടവകക്കാർ ആരാധനയ്ക്ക് ഏതാനും വർഷം പൊയ്ക്കൊണ്ടിരുന്നത്. ഇവിടെ ഒരു ചാപ്പൽ പണിതശേഷം ഒന്നിടവിട്ട ഞായറാഴ്ച ഇവിടെ ഡാനിയേൽ പുത്തൻപുരയിൽ അച്ചൻ വി.കുർബ്ബാന അർപ്പിച്ചു. കൽഭത്തിയും അടിച്ചുറപ്പിച്ച തറയുമുള്ള പള്ളിയിൽ മദ്ബഹായിൽ ഒരു മേശയിട്ട് വിരിച്ച് അതിലായിരുന്നു വി.കുർബ്ബാന അർപ്പിച്ചിരുന്നത്. അൽമായർ പരമ്പ് വിരിച്ച് അതിൽനിന്നും ഇരിന്നും പ്രാർത്ഥിച്ചു. ഈ ഇടവകയുടെ സ്ഥാപക വികാരി ബഹുമാനപ്പെട്ട ഡാനിയേൽ പുത്തൻപുരയ്ക്കൽ അച്ചനായിരുന്നു (1944 – 1953)

ആദ്യകാലത്ത് ഇവിടെ ശവക്കോട്ടയ്ക്ക് അനുവാദം ഉണ്ടായിരുന്നില്ല. വലിയ എതിർപ്പുണ്ടായിരുന്നു. ആദ്യമായി ഇവിടെ അടക്കിയത് പ്രായം ആകുന്നതിന് മുമ്പ് മരിച്ച അരീക്കത്തറ ഇടമുറിയിൽ പരേതനായ മത്തായിയെ ആണ്. പിതാക്കന്മാരുടെ ശക്തമായ ഇടപെടലും ഭരണകർത്താക്കളുമായി ഈവാനിയോസ് പിതാവിനുണ്ടായിരുന്ന പിടിപാടും മൂലം ശവക്കോട്ട ഇവിടെ ഉണ്ടായി. ആദ്യത്തെ ശവക്കോട്ട പള്ളിയുടെ കിഴക്കുവശത്തായിരുന്നു. പിന്നീട് അത് പള്ളിക്ക് തെക്കുവശത്തേക്ക് മാറ്റി. അന്ന് പുനരൈക്യത്തിന് നേതൃത്വം നൽകിയ അരീക്കത്തറ മാത്തന്റെയും (കൊച്ചുകുഞ്ഞ്) നടുവിലേത്ത് ഇടിച്ചെറിയ മാത്തന്റെയും കല്ലറകൾ പള്ളിക്ക് തെക്കുവശത്ത് കാണാം. പിന്നീട് മത്തായി മലഞ്ചരുവിൽ അച്ചന്റെ കാലത്ത് ഇപ്പോഴത്തെ ശവക്കോട്ടയുടെ കിഴക്കുഭാഗത്ത് ഒരു കുരിശ് സ്ഥാപിക്കുകയും ശവക്കോട്ട അവിടേക്ക് മാറ്റുകയും ചെയ്തു.

പിന്നീട് ഡാനിയേൽ പുത്തൻപുരയ്ക്കലച്ചനും പാലാക്കാരനായ ജോസഫ് മൈലാടി അച്ചനും ഒന്നിടവിട്ട ആഴ്ചകളിൽ വി.കുർബ്ബാന അർപ്പിച്ചു. ജോസഫ് മൈലാടി അച്ചൻ വികാരി (1952 – 1955) ആയിരുന്നപ്പോഴാണ് പള്ളിയും പള്ളിമേടയും കുമ്മായക്കൂട്ട് ഉപയോഗിച്ച് തേപ്പിച്ചതും മദ്ബഹായിൽ ത്രോണോസ് പണിയിച്ചതും മൈലാടി അച്ചനുശേഷം വികാരിയായി പ്രവർത്തിച്ചത് ഓർത്തഡോക്സ് സഭയിൽ നിന്നും പുനരൈക്യപ്പെട്ട പുത്തൻപീടികക്കാരൻ തോമസ് ആമ്പശ്ശേരിൽ അച്ചനായിരുന്നു. (1955 – 56).

ഈ ഇടവകയിൽ ആദ്യമായി താമസമാക്കിയത് ഉള്ളന്നൂർ സ്വദേശിയായിരുന്ന മത്തായി മലഞ്ചരുവിലച്ചനായിരുന്നു (1956 – 1958). കാലംചെയ്ത സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ ജേഷ്ഠസഹോദരനായിരുന്നു അച്ചൻ. പൂന്തോട്ടം നിർമ്മിക്കലും, തേനിച്ച വളർത്തലും അച്ചന്റെ ഹോബിയായിരുന്നു. അന്ന് പള്ളിമേടയുടെ നട്ടുവളർത്തിയ മുന്തിരിയും അതിൽ ഉണ്ടായിരുന്ന മുന്തിരിക്കുലകളും ഇന്നും ഓർമ്മയിലുണ്ട്. അച്ചൻ ഇവിടെ താമസിക്കുമ്പോൾ സിവിൽ സർവ്വീസിൽ നിന്നും വിരമിച്ച ബഹു.ജോൺ മത്തായി ഐ.എ.എസ് ഉം മാതാപിതാക്കളോടൊപ്പം കൂടെകൂടെ ഇവിടെ വന്നു താമസിക്കുമായിരുന്നു. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് വടക്കൻ പ്രദേശങ്ങളിൽ വരുമ്പോൾ വൈകിട്ട് ഉറങ്ങാൻ വരുന്നത് ഇവിടെയായിരുന്നു. അച്ചന്റെ കാലംമുതൽ മൂന്ന് നോമ്പിന് പള്ളിമുറ്റത്ത് പന്തലിട്ട് നാലുദിവസം കൺവൻഷൻ നടത്തുമായിരുന്നു. പരേതരായ തോമസ് ഇഞ്ചക്കലോടി അച്ചനും ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചനും ഇവിടുത്തെ സ്ഥിരം സുവിശേഷപ്രസംഗകരായിരുന്നു. വെള്ളപ്പൊക്കം മൂലം റോഡും അതോടു ചേർന്നു കിടക്കുന്ന താണസ്ഥലങ്ങളും മുങ്ങുമ്പോൾ വടക്കേക്കരയിൽ നിന്നും ഇടവകക്കാർ പളളിയിൽ വന്നിരുന്നത് അച്ചൻ പണിയിച്ച വള്ളിലായിരുന്നു. ആഘോഷമായ എട്ടുനോമ്പാചരണം അച്ചന്റെ കാലം മുതലാണ് ആരംഭിച്ചത്. അച്ചൻ തിരുവനന്തപുരം അതിരൂപതയുടെ ആദ്യത്തെ സണ്ടേസ്കൂൾ ഡയറ്കടറായി നിയമിതനായപ്പോൾ ഇവിടെ നിന്നും പട്ടത്തേക്ക് സ്ഥലംമാറിപ്പോയി.

അനന്തരം പുത്തൻകാവുകാരൻ ജേക്കബ് കിഴക്കേടത്തച്ചൻ (1958 – 1961) വികാരിയായി ചുമതലയേറ്റു. ആ സമയം പന്തളം എൻ.എസ്.എസ് കോളജിൽ ബി.എ യ്ക്ക് ഇംഗ്ലീഷിന് പഠിക്കുകയും കുടശ്ശനാട് പള്ളിയിലേക്ക് സ്ഥലം മാറിപ്പോയി പഠനം തുടരുകയും ചെയ്തു. മാർ ഈവാനിയോസ് കോളേജിൽ പ്രൊഫസറായും, എം.എസ്.സി മാനേജ്മെന്റിന്റെ കറസ്പോണ്ടന്റായും പ്രവർത്തിക്കുകയും, ആ സമയം ഹൃദയാഘാതം മൂലം മരണമടയുകയും ചെയ്തു. അച്ചന്റെ കാലത്താണ് ഫാ.മാത്യു പള്ളത്തുമുറിയിൽ സെമിനാരിയിൽ ചേർന്നത്.

അടുത്ത വികാരിയായി ചാർജ്ജെടുത്തത് തട്ട ഇടവകയിലെ തോമസ് പ്ലാവിള അച്ചനായിരുന്നു. ഏഴു വർഷം (1961 – 1968) ഇടവകഭരണം നടത്തി. വോളീബോൾ കളിക്കാരനായ അച്ചന്റെ കൂടെ കളിക്കാൻ ഈ പ്രദേശത്തെ നല്ല ഒരു ടീം ഉണ്ടായിരുന്നു. പള്ളിയും പള്ളിമേടയും വൈദ്യുതീകരിച്ചത് അച്ചനായിരുന്നു. മുട്ടത്തുകോണം പള്ളി പണിയിക്കുന്നതിന് അച്ചൻ നേതൃത്വം നൽകിയത് ഇവിടെ താമസിച്ചുകൊണ്ടായിരുന്നു. അച്ചന്റെ കാലത്ത് ഒരു വോളീബോൾ കോർട്ട് തീർത്ത് അവിടെ കളി ആരംഭിച്ചു. ഈ കാലഘട്ടിൽ തോമസ് പൊന്മേലിൽ അച്ചൻ ഇവിടെ താമസിച്ച് മറ്റ് ഇടവകകളുടെ വികാരിയായി പ്രവർത്തിച്ചു.

7 – ാമത്തെ വികാരിയായി പാലാക്കാരൻ മാത്യു തേക്കിൻകാട്ടിലച്ചൻ ചാർജ്ജെടുത്തു. ഈ ഇടവകയിൽ ഏറ്റവും കൂടുതൽ വർഷം വികാരിയായി സേവനം അനുഷ്ഠിച്ചത് അച്ചൻ ആയിരുന്നു. മുൻകോപിയായിരുന്നെങ്കിലും കുഞ്ഞുങ്ങളോടുള്ള വാത്സല്യവും ജനങ്ങളോടുള്ള സ്നേഹവും മറക്കാൻ സാധിക്കുകയില്ല. ഭവനങ്ങൾ സന്ദർശിച്ച്, പ്രാർത്ഥിച്ച് സ്നേഹാന്വേഷണങ്ങൾ അറിയുന്നത് അദ്ദേഹിന്റെ ചിട്ടയായിരുന്നു. അച്ചന്റെ കാലാണ് പടികൂടി ചാപ്പൽ നീട്ടി മുഖപ്പ് പണിയിച്ചത്. അതിന് നേതൃത്വം കൊടുത്തത് ഇടവക ട്രസ്റ്റിയായ ശ്രീ. തോമസ് വർഗ്ഗീസ് ജറോം വില്ലയായിരുന്നു.

തുടർന്ന് വികായിരിയായി  സേവനം അനുഷ്ഠിച്ചത് കുറിയാക്കോസ് കോയിക്കലേത്ത് അച്ചനായിരു

ന്നു. (1977 - 1979). ഈ സമയ് ഒരു വലിയ വെള്ളപ്പൊക്കം ഉണ്ടാകുകയും, മേടയിലും മൂന്നടിയോളം വെള്ളം കയറുകയും ഒരു വലിയ വള്ളം സംഘടിപ്പിച്ച് അച്ചനെ അതിൽ കയറ്റി അക്കരെ അരീക്കത്തറ ഇടമുറിപടിക്കൽ ഇറക്കി നടുവിലേത്ത് ഏതാനും ദിവസം താമസിപ്പിച്ചു. അച്ചൻ ചികിത്സയ്ക്കുവേണ്ടി പോയപ്പോൾ ഇവിടെ ആരാധന നടിയത് സാമുവേൽ കാട്ടുകല്ലിൽ കൊച്ചച്ചനായിരുന്നു (ഇപ്പോൾ പത്തനംതിട്ട രൂപതാ അദ്ധ്യക്ഷൻ സാമുവേൽ മാർ ഐറേനിയോസ് പിതാവ്) മുട്ടത്തുകോണം മുതൽ മാത്തൂർവരെ കുരിശ്ശിന്റെ വഴി ദുഃഖവെള്ളിയാഴ്ച നടത്തിയതും അതിൽ കാട്ടുകല്ലിലച്ചൻ പ്രസംഗിച്ചതിന്റെ ശബ്ദവും ഭാവവും ഇപ്പോഴും ഓർമ്മയിൽ നിൽകുന്നു. തുടർന്ന് 1979 മുതൽ 1982 വരെ ഇടവകയുടെ വികാരിയായി സേവനം അനുഷ്ഠിച്ചത് സാമുവേൽ തെങ്ങുവിളയിലച്ചനാണ്.

അതിനുശേഷം തമിഴ്നാട്ടുകാരൻ ജോൺ കെ.വി അച്ചൻ വികാരിയായി ചാർജ്ജെടുടു (1982 - 1983). ഈ കാലഘട്ടിൽ ഒരു കുരിശ്ശടി പണിയുന്നതിനെ സംന്ധിച്ച് ഇടവക ജനങ്ങൾ ചിന്തിക്കുകയും, പ്ലാൻ വരച്ച് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ അനുവാദം വാങ്ങുകയും പണികഴിപ്പിക്കുന്നതിന് അന്നത്തെ ട്രസ്റ്റിയായിരുന്ന നടുവിലേത്ത് ശ്രീ.എൻ.എസ്.ജോണിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പണി പൂർത്തിയാക്കി പിതാവിനെ മാത്തൂർ നിന്നും സ്വീകരിച്ചുകൊണ്ടുവരികയും ഇപ്പോഴത്തെ കുരിശ്ശടിയുടെ കൂദാശ നടത്തുകയും ചെയ്തു. മുകളിലോട്ട് പണിക്ക് കോൺക്രീററ് അടിസ്ഥാനമാണ് ഇട്ടിരിക്കുന്നത്. തിരുഹൃദയം ആയിരുന്നു കുരിശ്ശടിയിലെ പ്രതിഷ്ഠ. ജാതിമതഭേദമെന്യേ അനേകർക്ക് ഇവിടുത്തെ നേർച്ചയുടെ ഫലമായി ഉദ്ദിഷ്ട കാര്യങ്ങൾ സാധിച്ചിട്ടുണ്ട് എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

തുടർന്ന് പട്ടാഴി സ്വദേശിയായ ജോസഫ് കടകംപള്ളിൽ അച്ചൻ (1983 - 1988) വികാരിയായി ചാർജ്ജെടുത്തു. അച്ചന്റെ സമയാണ് ആദ്യമായി പള്ളിപുരയിടത്തിൽ റബ്ബർകൃഷി ആരംഭിച്ചത്. 12 - ാമത്തെ വികാരിയായി 1983 മുതൽ 1991 വരെ ആറ്ററികം ഇടവകാംഗമായ എഴിയത്ത് വലിയച്ചന്റെ മകൻ തോമസ് എഴിയത്തച്ചനും പതിമൂന്നാമത്തെ വികാരിയായി തോമസ് നെരിയാട്ടിൽ അച്ചനും (1991 - 1995) തുടർന്ന് 1993 മുതൽ 1996 വരെ ആയൂർവേദ വൈദ്യൻകൂടിയായിരുന്ന ജോർജ്ജ് കുറ്റിയിലച്ചനും ഭരണം നടത്തി. സുവിശേഷ പ്രസംഗകനായ അദ്ദേഹം അൽമേനിയകളെ സുവിശേഷ പ്രസംഗിന് പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. 15 - ാമത്തെ വികാരിയായി 1996 മുതൽ 2000 വരെ ഏബ്രഹാം മണ്ണിലച്ചൻ ഇടവക ഭരണം നടത്തി. അദ്ദേഹിന്റെ കാലത്താണ് ആർച്ച് കെട്ടി മദ്ബഹാ പണിയുകയും, അതിന് സീലിംഗ് കെട്ടുകയും, വശത്തുള്ള ചെറിയ ത്രോണോസുകളുടെ മുകളിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെയും, പരിശുദ്ധ മാതാവിന്റെയും നടുക്ക് മുകളിൽ തിരുഹൃദയിന്റെ പടവും വരപ്പിച്ചത്.

16 - ാമത്തെ വികാരിയായി ഒരു വർഷം സേവനം ചെയ്തത് യേശുദാസ് കൊച്ചുവിളയിൽ അച്ചനായിരുന്നു. 17 - ാമത്തെ വികാരിയായി കിടങ്ങന്നൂർ സ്വദേശിയായ സഖറിയാ നെടിയകാലായിൽ അച്ചൻ (2001 - 2007) സേവനം ചെയ്തു. ഈ കാലയളവിൽ അച്ചൻ ഓമല്ലൂർ ആര്യഭാരതി ഹൈസ്കൂളിലെ അദ്ധ്യാപകനായും, ഹെസ്മാസ്റ്ററായും പ്രവർത്തിച്ചിട്ടുണ്ട്. അച്ചന്റെ കാലത്താണ് പഴയ പള്ളിമേട പൊളിച്ചുമാറ്റി പുതിയ പള്ളിമേട പണിതത്. മേടയുടെ കൂദാശാ കർമ്മം നിർവ്വഹിച്ചത് 2002 മെയ് 1 - ാം തീയതി ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കാ തിരുമനസ്സുകൊണ്ടായിരുന്നു. ഈ പണിക്ക് നേതൃത്വം നൽകിയത് അന്നത്തെ ട്രസ്റ്റിയായിരുന്ന തോമസ് വർഗ്ഗീസ് പള്ളത്തുമുറിയിൽ ജറോം വില്ല ആയിരുന്നു. 18 - ാമത്തെ വികാരിയി വടക്കുപുറം സ്വദേശിയായ മാത്യു കയ്യാലയ്ക്കൽ അച്ചനായിരുന്നു. പള്ളിനിൽക്കുന്ന കയ്യാലയ്ക്കൽ പുരയിടം പണ്ട് അച്ചന്റെ വലിയപ്പന്റെ വകയായിരുന്നു.

മുൻ വികാരിമാർ പലരും പുതിയ ദേവാലയം പണിയുന്നതിനെ സംന്ധിച്ച് ചിന്തിച്ചെങ്കിലും മുന്നോട്ടിറങ്ങാൻ മടിച്ചു. എന്നാൽ 19 - ാം വികാരിയായി ചാർജ്ജെടുത്ത ഫിലിപ്പ് കളീയ്ക്കൽ (മോൻസി) അച്ചൻ മുന്നോട്ടുവരികയും, ഇടവക പൊതുയോഗം വിളിച്ച് തീരുമാനമെടുക്കുകയും ചെയ്തു. പത്തനംതിട്ട രൂപത രൂപീകൃതമാകുന്നതിന് മുൻപ് ആയതിനാൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ മേജർ ആർച്ച് ബിഷപ്പ് മോറോൻ

മോർ ബസ്സേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവായെ സമീപിക്കുകയും, ഇടവകയുടെ ആവശ്യം അറിയിക്കുകയും പിതാവ് പള്ളി പണിയുവാനുള്ള അംഗീകാരം നൽകുകയും ചെയ്തു. തുടർന്നു നടന്ന ഇടവക പൊതുയോഗത്തിൽ വെച്ച് ദേവാലയ നിർമ്മാണ കമ്മിറ്റി രൂപീകരിക്കുകയും, ട്രസ്റ്റിയായി ശ്രീ.കുഞ്ഞുകുഞ്ഞ് രാജു അരിക്കത്തറ കരിഷ്മ കോട്ടേജിനെയും, സെക്രട്ടറിയായി ശ്രീ.ബാബുക്കുട്ടി പുത്തേറയിലിനെയും തെരഞ്ഞെടുക്കുകയും ചെയ്തു. ദേവാലയ നിർമ്മാണിന്റെ എഞ്ചിനീയറായ കെ.ജെ.പീറ്റർ സാർ തയ്യാറാക്കിയ പുതിയ ദേവാലയിന്റെ പ്ലാൻ കാതോലിക്കാ ബാവാ അംഗീകരിക്കുകയും ചെയ്തു.

പുതിയ ദേവാലയിന്റെ ശിലാസ്ഥാപനം 2010 ഫെബ്രുവരി 6-ാം തീയതി പത്തനംതിട്ട രൂപതാ അദ്ധ്യക്ഷൻ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ നടത്തി. 3 വർഷംകൊണ്ട് പണി പൂർത്തിയാക്കക്ക രീതിയിൽ 3 വർഷിനുള്ളിൽ സംഭാവന കൊടുക്കത്തക്കവിധം ഇടവകക്കാരുടെ സാമ്പത്തികം അനുസരിച്ച് പണി ആരംഭിച്ചു. പത്തനംതിട്ട രൂപതയുടെ മെത്രാപ്പോലീത്തായായി അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് ചാർജ്ജെടുത്തപ്പോൾ രൂപതയിലെ മുഴുവൻ വൈദീകർക്കും സ്ഥലംമാറ്റം വന്നതിനാൽ കളീയ്ക്കൽ അച്ചന് കാർമ്മല ഇടവകയിലേക്ക് സ്ഥലം മാറ്റം ലഭിക്കുകയും, 20-ാം വികാരിയായി വർഗ്ഗീസ് വിളയിൽ അച്ചൻ ചാർജ്ജെടുക്കുകയും ചെയ്തു. അച്ചന്റെ നേതൃത്വത്തിൽ പള്ളിപണി തുടർന്നു. സാമ്പത്തികമായി ഇടവകക്കാർ വീണ്ടും സഹകരിച്ചെങ്കിലും പണിപൂർത്തിയാക്കാൻ പണം തികയാതെ വന്നതിനാൽ പൊതുയോഗം കൂടി ഓരോ കുടുംബത്തിന്റെയും വരി ഉയർത്തുകയും ചെയ്തു.

ദേവാലനിർമ്മാണിന്റെ സാമ്പത്തിക ബുദ്ധിമുട്ട് മനസ്സിലാക്കിയ രൂപതാ അദ്ധ്യക്ഷൻ ഇടവക കമ്മിറ്റിയെ വിളിച്ച് പണി പൂർത്തിയാക്കുന്നതിനുള്ള തുക കടമെടുത്തു നൽകാനുള്ള ആവശ്യമായ ക്രമീകരണം ചെയ്യാൻ രൂപതാ പൊക്രുറേറ്റർ വർഗ്ഗീസ് കൈതോൺ അച്ചനെ ചുമതലപ്പെടുത്തുകയും ചെയ്തു. ദേവാലയ നിർമ്മാണിന്റെ പലഘട്ടങ്ങളിലും അഭി.തിരുമേനി പണി നേരിൽ വന്ന് കണ്ട് നിർദ്ദേശങ്ങൾ നൽകുകയും, 2013 നവംബറിൽ കൂദാശ ചെയ്യത്തക്ക രീതിയിൽ പണികൾ പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഈ അവസരത്തിൽ 3 വർഷക്കാലം ദേവാലയനിർമ്മാണിന്റെ സെക്രട്ടറിയായി ചുമതല വഹിച്ച ശ്രീ.ബാബുക്കുട്ടി പുത്തേറയിൽ സമയക്കുറവു കാരണം സെക്രട്ടറി സ്ഥാനം മാറുകയും, പകരം ശ്രീ.ഷാജി വർഗ്ഗീസ് വളവിലിനെ സെക്രട്ടറിയായി തെരഞ്ഞെടുക്കുകയും ചെയ്തു.

ഇടവകയുടെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് ഉചിതമെന്നു കരുതുന്നു. ആദ്യകാലങ്ങളിൽ ഒരു പ്രാർത്ഥനാക്കൂട്ടം മാത്രമായിരുന്നു. പിന്നീട് അത് മൂന്നായിട്ട് സെന്റ്ജോർജ്ജ്, സെന്റ് ജോൺസ്, സെന്റ് പോൾസ് എന്നിങ്ങനെ 3 പ്രാർത്ഥനായോഗങ്ങളായി ഇടവകയിലെ മുഴുവൻ ആളുകളെയും തിരിച്ച് എല്ലാ ഞായറാഴ്ചകളിലും പ്രാർത്ഥനായോഗങ്ങൾ നടത്തിവരുന്നു. ഇടവകയുടെ ആത്മീയ വളർച്ചയ്ക്കും കുടുംബങ്ങൾ തമ്മിലുള്ള ബന്ധത്തിനും ഈ പ്രാർത്ഥനാകൂട്ടായ്മകൾ വളരെയധികം സഹായിക്കുന്നു. എല്ലാ ഞായറാഴ്ചയും വി.കുർബ്ബാനയ്ക്ക് ശേഷം സണ്ടേസ്കൂൾ നടുന്നു.

നമ്മുടെ ഭക്ത സംഘടനകളായ എം.സി.വൈ.എം, മാതൃവേദി, എം.സി.എ, സണ്ടേസ്കൂൾ, വിൻസെന്റ് ഡീ പോൾ എന്നിവ വളരെ ശക്തമായി ഈ ഇടവകയിൽ പ്രവർത്തിക്കുന്നു. പണ്ട് ലീജിയൻ ഓഫ് മേരി സംഘടന ഇവിടെ നന്നായി പ്രവർത്തിച്ചിരുന്നു. സഭയുടെ സേവന സംഘടനയാകുന്ന വിൻസെന്റ് ഡീ പോൾ വളരെ നന്നായി ഇവിടെ പ്രവർത്തിക്കുന്നു. ഈ സംഘടനയ്ക്ക് ഈ ഇടവകയിൽ പ്രാരംഭം കുറിക്കാൻ കാരണക്കാരനായ വ്യക്തി പെരുപ്പായിക്കാട്ട് പരേതനായ പി.പി.ബാബുക്കുട്ടിയായിരുന്നു. അദ്ദേഹത്തെ ഇത്തരണിൽ നന്ദിയോടെ സ്മരിക്കുന്നു. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ കാലത്ത് വിൻസെന്റ് ഡീ പോൾ സംഘടനയിലൂടെ ഈ ഇടവക നിർദ്ധനരായ ആളുകൾക്ക് 50 ആടുകളെ വാങ്ങി നൽകുകയും, സൗജന്യമായി തയ്യൽ പരിശീലന കേന്ദ്രം നടത്തുകയും, അനേകം കുടുംബങ്ങളെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ

ഇടവകയിൽ 53 കുടുംബങ്ങളാണ് ഉള്ളത്. മുൻപ് ഈ ഇടവകയിൽ കൂടി നടന്നവരാണ് സമീപ ഇടവകയാകുന്ന മുട്ടത്തുകോണം ഇടവകാംഗങ്ങൾ. ഓമല്ലൂർ, ഊന്നുകൽ എന്നീ ഇടവകയിലെ കുറേ ആളുകളും ഈ ഇടവകയിലെ അംഗങ്ങളായിരുന്നു. പിന്നീട് അവിടെ ദേവാലയങ്ങൾ ആയപ്പോൾ സൗകര്യാർത്ഥം ആ ഇടവകയിലേക്ക് അവർ ചേർന്നു.

ഈ ഇടവകയ്ക്ക് ദൈവം നൽകിയ വലിയ അനുഗ്രഹമാണ് മാത്യു പള്ളത്തുമുറിയിൽ അച്ചനും, സിസ്റ്റർ ശാലിന എസ്.ഐ.സി യും

മാത്യു പള്ളത്തുമുറിയിൽ അച്ചൻ 1961 ൽ വൈദീക പഠനത്തിനായി പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ദൈവശാസ്ത്രവും, തത്വശാസ്ത്രവും പൂന പേപ്പൽ സെമിനാരിയിൽ നടത്തി. 1971 സെപ്റ്റംബർ 20 ന് അഭി.ബനെഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്ന് വൈദീക പട്ടം സ്വീകരിച്ചു. തുടർന്ന് അമ്പിളിക്കോണം ഇടവകയുടെ വികാരിയായും പിന്നീട് തിരുവനന്തപുരം മേജർ അതിരൂപതയുടെ സോഷ്യൽ സർവ്വീസ് ഡയറക്ടറായും അഭി.ഗ്രീഗോറിയോസ് പിതാവിന്റെ സെക്രട്ടറിയായും പ്രവർത്തിച്ചു. തുടർന്ന് മാർത്താണ്ഡം രൂപതയുടെ വിവിധ ദേവാലയങ്ങളിൽ വികാരിയായി പ്രവർത്തിച്ചു. പിന്നീട് പുതിയകാവ്, ചെന്നിത്തല, കടമ്മനിട്ട, വല്യയന്തി, തോന്ന്യാമല ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. തുടർന്ന് 3 വർഷക്കാലം തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവായി സേവനമനുഷ്ഠിച്ച അച്ചൻ തിരുവനന്തപുരം മേജർ അതിരൂപതയിൽ ധനുവച്ചുപുരം, പനയറയ്ക്കൽ ഇടവകകളുടെ വികാരിയായി സേവനം ചെയ്ത് ഡിസംബർ 17, 2015 ൽ മരണമടഞ്ഞു.

സി.ശാലിന എസ്.ഐ.സി 1966 ജൂ 6 ന് ബഥനി സന്യാസിനി സമൂഹിൽ തിരുവനന്തപുരം പ്രോവിൻസിൻ അംഗമായി ചേരുകയും, 1969 ൽ ആദ്യവ്രത വാഗ്ദാനവും, 1975 നിത്യവ്രത വാഗ്ദാനവും നടത്തി. തുടർന്ന് നിരവധി സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച് 2005 ൽ റിട്ടയറായ സിസ്റ്റർ തുടർന്ന് 5 വർഷം പട്ടം കാതോലിക്കേറ്റ് സെന്ററിലും സേവനം ചെയ്തു. 2011 മുതൽ നാലാഞ്ചിറ മഠത്തിലെ സിസ്റ്റർ ഇൻചാർജ്ജായി സേവനം അനുഷ്ഠിക്കുന്നു. സിസ്റ്ററിന്റെ സഹോദരപുത്രന്മാരാണ് അമേരിക്കയിൽ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തോമസ് പെരുപ്പായിക്കാട് അച്ചനും, അമ്പൂരിയിൽ സേവനമനുഷ്ഠിക്കുന്ന ഡാനിയേൽ അച്ചനും.

ഞങ്ങളുടെ പുതിയ ദേവാലയിന്റെ കൂദാശ നിർവ്വഹിക്കാൻ പോകുന്ന ഈ അവസരത്തിൽ ദേവാലയ നിർമ്മാണത്തിൽ അൽപ്പമായോ അധികമായോ സഹകരിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുകയാണ്. പുതിയ ദേവാലയം പണിയുന്നതിന് അനുവാദം തന്ന് അനുഗ്രഹിച്ച സഭയുടെ തലവനും പിതാവുമായ മോറോൻ മാർ ബസ്സേലിയോസ് കർദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവായേയും പ്രത്യേകമായി ഞങ്ങളുടെ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ച് ഈ ദേവാലയം പണിയുന്നതിന് സാമ്പികമായി ഞങ്ങളെ വളരെയധികം സഹായിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്ത പത്തനംതിട്ട രൂപാതാദ്ധ്യക്ഷൻ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായ്ക്കും സഭയിലെ എല്ലാ മെത്രാപ്പോലീത്താമാർക്കും, വൈദീകർക്കും, സന്യസ്തർക്കും ഇത്തരണത്തിൽ നന്ദി അർപ്പിക്കുന്നു.

ഇടവകയുടെ ആരംഭം മുതൽ ഞങ്ങളെ നയിച്ച എല്ലാ കാലം ചെയ്ത പിതാക്കന്മാരെയും പ്രത്യേകമായി ഇടവകയുടെ സ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെയും, ഭാഗ്യസ്മരണാർഹരായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായേയും, സിറിൽ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായേയും നന്ദിയോടെ ഓർക്കുന്നു. ഞങ്ങളുടെ ഇടവക വികാരിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് ദിവംഗതരായ എല്ലാ വൈദീക ശ്രേഷ്ഠരെയും സന്യസ്തരെയും നന്ദിയോടെ ഓർക്കുന്നു. ഈ ദേവാലയം ഇവിടെ ആയിരിക്കുന്നതിന് കാരണഭൂതരായ മൺമറഞ്ഞുപോയ എല്ലാ അൽമായ ശ്രേഷ്ഠരേയും നന്ദിപൂർവ്വം ഓർക്കുന്നു.

ഇപ്പോൾ ഇടവകയിലെ ശുശ്രൂഷ നടത്തുന്നത് ഗത്സമൻ സന്യാസ സമൂഹിലെ സി.ജെസ്സി ഫ്രാൻസിസ് ജി.എസ്.എസ് ആണ്. സിസ്റ്ററിനും, സന്യാസിനി സമൂഹത്തിനും ഞങ്ങളുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു. തന്റെ പ്രവർത്തനങ്ങൾക്കൊണ്ട് ദേവാലയിന്റെ പണി പൂർത്തിയാക്കാൻ സഹായിച്ച ഇപ്പോഴത്തെ വികാരി വർഗ്ഗീസ് വിളയിൽ അച്ചനെയും ഇടവകയുടെ പേരിൽ അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

ഇടവകയുടെ ട്രസ്റ്റിയായും, സെക്രട്ടറിയായും കമ്മിറ്റിയംഗങ്ങളായും സേവനം അനുഷ്ഠിക്കുന്ന എല്ലാ വരെയും പ്രത്യേകമായി ദേവാലയ നിർമ്മാണിന്റെ ആദ്യത്തെ രണ്ട് വർഷം ഇടവകയുടെ ട്രസ്റ്റിയായി പ്രവർത്തിച്ച ശ്രീ.ഫ്രാൻസിസ് കെ.ജി.കൊല്ലംപറമ്പിലിനോടും, സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ.തോമസ് വയക്കരയെയും നന്ദിയോടെ ഓർക്കുന്നു. ഈ ദേവാലയ നിർമ്മാണിന്റെ ആരംഭം മുതൽ നിർമ്മാണ കമ്മിറ്റിയുടെ ട്രസ്റ്റിയായി പ്രവർത്തിച്ച ശ്രീ.കൊച്ചുകുഞ്ഞ് രാജു അരിക്കതത്തറ കരിഷമ കോട്ടേജിനെയും, സെക്രട്ടറിയായി പ്രവർത്തി ശ്രീ.ഷാജി വർഗ്ഗീസ് വളവിന്റെയും പ്രവർത്തനങ്ങൾ വളരെ അഭിമാനകരമാണ്. തന്റെ സമയവും പ്രയത്നവും ഈ ദേവാലയിന്റെ നിർമ്മാണിനായി സമർപ്പിച്ച ശ്രീ.കൊച്ചുകുഞ്ഞ് അരിക്കത്തറ കരിഷ്മ കോട്ടേജിനെ പ്രത്യേകം ഇടവകയുടെ പേരിൽ അഭിനന്ദിക്കുകയും, നന്ദിപറയുകയും ചെയ്യുന്നു.

**ഇടവക സ്ഥാപന ദിനം / വർഷം**

പഴയ ദൈവാലയം 1944 സെപ്റ്റംർ 24

പുതിയ ദൈവാലയം നവംബർ 30, 2013

**ഇടവക മദ്ധ്യസ്ഥൻ**

സെന്റ് ജോർജ്ജ്

**എടുത്തുപറയേണ്ട വ്യക്തികൾ**

1. അരീക്കത്തറ മാത്തൻ
2. വലിയകാലായിൽ സ്കറിയ
3. കണ്ണംപൂത്തൂർ മത്തായി സാർ
4. നടുവിലേത്ത് ഇടിച്ചെറിയ മാത്തൻ
5. കുഞ്ഞുകുഞ്ഞ് അരീക്കത്തറ
6. തോമസ് വർഗീസ് പള്ളത്തുമുറിയിൽ
7. ഷാജി വർഗീസ് വളവിൽ
8. ഷാജി മകുടിയിൽ

**ഇടവകയിൽ സേവനം ചെയ്ത വികാരിമാർ**

| | | |
|---|---|---|
| **1. ഫാ. ഡാനിയേൽ പുത്തൻപുരയിൽ** | **–** | **1944–1952** |
| **2. ഫാ. ജോസഫ് മൈലാടിയിൽ** | **–** | **1952–1955** |
| **3. ഫാ. തോമസ് ആമ്പശ്ശേരിയിൽ** | **–** | **1955–1956** |
| **4. ഫാ. മത്തായി മലഞ്ചരുവിൽ** | **–** | **1956–1958** |

**5. ഫാ. ജേക്കബ് കിഴക്കേടത്ത് – 1958 – 1961**

**6. ഫാ. തോമസ് പ്ലാവിളയിൽ – 1961 – 1968**

**7. ഫാ. മാത്യു തേക്കുംക്കാട്ടിൽ – 1968 – 1977**

**8. ഫാ. കുറിയാക്കോസ് കേയിക്കലേത്ത് – 1977 – 1979**

**9. ഫാ. സാമുവേൽ തെങ്ങുവിളയിൽ – 1979 – 1982**

**10. ഫാ. ജോൺ കെ.വി. – 1982 – 1983**

**11. ഫാ. ജോസഫ് കടകംപള്ളിൽ – 1983 – 1988**

**12. ഫാ. തോമസ് എഴിയത്ത് – 1988 – 1991**

**13. ഫാ. തോമസ് നെരിയാട്ടിൽ – 1991 – 1993**

**14. ഫാ. ജോർജ്ജ് കുറ്റിയിൽ – 1993 – 1996**

**15. ഫാ. ഏബ്രഹാം മണ്ണിൽ – 1996 – 2000**

**16. ഫാ. യേശുദാസ് കൊച്ചുവിളയിൽ – 2000 – 2001**

**17. ഫാ. സഖറിയാസ് നെടിയകാലായിൽ – 2001 – 2007**

**18. ഫാ. മാത്യു കയ്യാലയ്ക്കൽ – 2007 – 2009**

**19. ഫാ. ഫിലിപ്പ് കളീയ്ക്കൽ – 2009 – 2010**

**20. ഫാ. വർഗീസ് വിളയിൽ – 2010 – 2014**

**21. ഫാ. ദാനിയേൽ കോയിക്കൽ – 2014 – 2019**

**22. ഫാ. ജോൺ ജി. വടക്കുപുറം – 2019**

**ഇടവകയിൽ ആകെ – 53 കുടുംബങ്ങൾ**

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. മാത്യു പള്ളത്തുമുറിയിൽ
2. സി. ഷാലീന എസ്.ഐ.സി.